ഉത്തരം

(എ, ബി) കരിങ്കൽക്വാറി തൊഴിലാളിയായ കെ. സോമൻ (കരിമ്പിൻകുഴി വീട്, മണലയം, കൊടുങ്ങാനൂർ പി. ഒ, തിരുവനന്തപുരം) അപകടം സംഭവിച്ചതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് 1999-ൽ ലഭിച്ച ഹർജിയിൽമേൽ അന്വേഷണം നടത്തിവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ ധനസഹായം അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കേരള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

42 (3232) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി. എസ്. സി നടത്തിയ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, തിരുവനന്തപുരം ജില്ലയിലെ എച്ച്. എസ്. എ. മലയാളം എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ എന്ന് പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തസ്തികളിലേക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ എത്രവീതം ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

അസിസ്റ്റന്റ് ആർകിടെക്റ്റ് പരീക്ഷ നടത്തുന്നതിനുള്ള കാലതാമസം

43 (3233) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തുവകുപ്പിൽ അസിസ്റ്റന്റ് ആർകിടെക്റ്റ് തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് 1995-ൽ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷ പ്രകാരം ഇതിനുള്ള പരീക്ഷ നടത്താതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കേരളാ സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേന്റെ നിവേദനം

44 (3234) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അസോസിയേഷൻ ഉന്നിയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്നും അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) സ്വാതന്ത്ര്യസമര സേനാനികൾക്ക് കേരളാ ഗവൺമെന്റ് അനുവദിച്ചിട്ടുള്ള സൗജന്യ ബസ് യാത്രയ്ക്കുള്ള പാസ് മരിച്ചുപോയ സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകൾക്കും കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 1. തൃശ്ശൂർ ജില്ലാ ഉപദേശകസമിതി പുനഃസംഘടിപ്പിക്കുക.

2. ഫ്രീഡം ഫൈറ്റേഴ്സിന് ബസ്പാസ് അനുവദിച്ചെങ്കിലും ഒരാളെ കൂടി കൊണ്ടു പോകാൻ അനുവദിച്ചില്ലെങ്കിൽ യാത്ര ചെയ്യുന്നവർ വളരെ കുറയും. ഇതിന് ഒരു പരിഹാരം ഉണ്ടാക്കുക ;

3. കേന്ദ്രഗവൺമെന്റ് റയിൽവേപാസ് അനുവദിച്ചതുമുതൽ ഒരാളെ കൂടെ കൊണ്ടുപോകാനും, സേനാനി മരിച്ചാൽ ഭാര്യക്കും ഒരു സഹായിയേയും കൂടി യാത്ര ചെയ്യാനും അനുവദിച്ചിട്ടുണ്ട് ; അത് ഇവിടെയും നടപ്പാക്കുക ;

4. മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ബഡ്ജറ്റിൽ പണം വകയിരുത്തിയാലും കൊല്ലാവസാനത്തിലാണ് സ്വാതന്ത്ര്യ സമര ഭടൻമാർക്ക് പണം കിട്ടുന്നുള്ളൂ അതും ആ മുഴുവൻ ബില്ലുകളും പണമില്ലാത്തതുകൊണ്ട് നൽകുന്നില്ല എന്നത്.

5. ഇൻഡ്യാ ഗവൺമെന്റ് ഈ ഭടൻമാർക്ക് ചെയ്തതുപോലെ, മറ്റു പല സംസ്ഥാനങ്ങളിലും നടപ്പിലാക്കികൊണ്ടിരിക്കുന്ന പോലെ പെൻഷനിൻമേൽ ക്ഷാമബത്ത (ഡി.എ) അനുവദിക്കുക.

6. കമ്മിറ്റികളിലേക്ക് ഇവരെ എടുക്കേണ്ട കാര്യം വില്ലേജ്, പഞ്ചായത്ത്, ബ്ലോക്ക് ജില്ലാ സംസ്ഥാനതല കമ്മിറ്റികളിലേയ്ക്ക് സ്വാതന്ത്ര്യസമര ഭടന്മാരെ ഉൾപ്പെടുത്തണമെന്ന കാര്യം അംഗീകരിച്ചിട്ടും ഡിപ്പാർട്ടുമെന്റുകളിൽ അറിയിച്ചിട്ടും നടപ്പാക്കിയിട്ടില്ല.

7. മരിച്ച ആളിന്റെ വീടുകൾക്ക് 1000 രൂപ അനുവദിച്ചത് കൊല്ലങ്ങൾ കഴിഞ്ഞിട്ടും കിട്ടാതെ കിടക്കുന്നു. 3000 രൂപ ചുരുങ്ങിയത് മരണാവശ്യത്തിന് അനുവദിക്കുവാനും തമിഴ്നാട്ടിലെ പോലെ തത്സമയം തന്നെ പണം എത്തിക്കാനും, ആവശ്യമുള്ള അഭിവാദ്യങ്ങൾ അർപ്പിക്കാനും അധികാരികളെ അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. മെഡിക്കൽ റീഇംബേഴ്സ്മെന്റിന് ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സിപ്പിച്ച ബില്ലുകൾ മാത്രമേ അനുവദിക്കുന്നുള്ളൂ ; പക്ഷേ ഗവൺമെന്റ് ജീവനക്കാർക്ക് ഇപ്പോൾ പ്രൈവറ്റ് ആശുപത്രികളിൽക്കൂടി ചികിത്സ നടത്തി ബില്ല് തരുവുന്നതാണെന്ന് വന്നിരിക്കുന്നു. അത് സ്വാതന്ത്ര്യസമരഭടനും അനുവദിച്ചുകൂടെ. നേരത്തെ അറിയിച്ചിരുന്നതാണ് വീണ്ടും ആവശ്യപ്പെടുന്നു.

9. ആവശ്യസാധനങ്ങളുടെ വില വർദ്ധനവ് കൊണ്ട് ജീവിതം ദുഷ്ക്കരമാവുന്നതുകൊണ്ട് ആവശ്യമായ പരിഷ്കാരം പെൻഷനിൽ വരുത്തി 3000 രൂപയെങ്കിലും ആക്കി ഉയർത്തണമെന്നത്.

10. പെൻഷന് അവകാശിയില്ലാതെ വരുമ്പോൾ കുടുംബത്തിന് സാമ്പത്തിക സഹായം എത്തിക്കുക.

11. സ്വന്തമായി വീടില്ലാത്തവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ചെയ്തുകൊടുക്കുക.

12. വെള്ളവും വൈദ്യുതിയും സൗജന്യമായി അനുവദിക്കുക.

13. മെഡിക്കൽ, എൻജിനിയറിംഗ് കോളേജുകളിലേയ്ക്ക് മക്കൾക്കോ, ചെറുമക്കൾക്കോ സീറ്റ് റിസർവ്വേഷൻ മുൻഗണനയും കൊടുക്കുക.

എന്നീ ആവശ്യങ്ങളാണ് നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

കാർഷിക വിളകൾ നശിപ്പിക്കുന്ന സമരം

45 (3235) ശ്രീ ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്വകാര്യ വ്യക്തികളുടെ കൃഷിഭൂമിയിൽ അനധികൃതമായി കടന്നു കാർഷികവിളകൾ നശിപ്പിക്കുന്ന സമര പരിപാടികളോടുള്ള ഗവൺമെന്റിന്റെ നിലപാട് എന്താണ് :

(ബി) ഈ സംഭവങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമോ ;

(സി) 1997 ജൂലൈ മാസത്തിൽ ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ നടന്ന ഇത്തരം സമരത്തോടനുബന്ധിച്ച് എടുത്ത കേസ്സുകളുടെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) കാർഷികവിളകൾ നശിപ്പിക്കുന്ന സമരത്തോട് ഗവൺമെന്റ് കാട്ടിയ മൃദുലമായ സമീപനമാണ് വീണ്ടും ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കുവാൻ ഇടയാകുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly